# ചികിത്സാമഞ്ജരിയിലെ ദ്രവ്യപരിചയം

ഡോ. വി. വേലായുധൻ നായർ

കേരളത്തിൽ സുലഭങ്ങളായ മൂലകാദികളെ സസൂക്ഷ്മം വീക്ഷിച്ചും, പരീക്ഷിച്ചും ഫലമറിഞ്ഞ ഔഷധക്കൂട്ടുകളും, ശാസ്ത്രീയമായ ചികിത്സാ രീതികളും വിവരിക്കുന്നതും, കേരളത്തിന്റെ അഷ്ട വൈദ്യപാരമ്പര്യത്തിന്റെ ചികിത്സാനുഭവങ്ങൾ ഉൾപ്പെടുന്നതുമായ ഒരു പ്രായോഗിക ഗ്രന്ഥമാണ് ചികിത്സാമഞ്ജരി. സ്വതസിദ്ധമായ ചികിത്സാവിധികളാണ് ഇതിലെ പ്രതിപാദ്യ വിഷയമെങ്കിലും ബൃഹത്രയികളുടെ ചികിത്സാവിധികളെ പ്രകടമായി അംഗീകരിച്ചുകൊണ്ടും, പ്രസിദ്ധങ്ങളായവയെ ഇതിൽ പ്രത്യേകിച്ചും എടുത്തു വർണ്ണിച്ചുകൊണ്ടുമാണ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്. നമുക്കു ചുറ്റുമുള്ള ഔഷധസമ്പത്തിനെ ശരിക്കും പ്രയോജനപ്പെടുത്തിക്കൊണ്ട് ഏറ്റവും ചിലവുകുറഞ്ഞ ചികിത്സാവിധികളെ വർണ്ണിക്കുന്ന ഒരു കേരളീയ ആയുർശാസ്ത്രഗ്രന്ഥമാണ് ചികിത്സാമഞ്ജരി.

*പൂങ്കുലയാ രസേ സിദ്ധം യഷ്ടീ ജീരക കല്ക്കിതം*

*വിധിനാ നൈ കുടിച്ചീടിൽ വയറ്റിൽ പുണ്ണിളച്ചീടും*

എന്നു തുടങ്ങി വിധിക്കുന്ന ഏറ്റവും ചിലവുകുറഞ്ഞ ഔഷധക്കൂട്ടുകൾ, ഫാസ്റ്റ് ഫുഡ് സംസ്കാരം മൂലവും മദ്യമയക്കുമരുന്നുകളുടെ അമിതോപയോഗം മൂലവും ഇന്നുകാണുന്ന ഉദരഗങ്ങളായ രോഗങ്ങളുടെ ചികിത്സയിൽ ആധുനിക ശാസ്ത്രീയതയുടെ വെളിച്ചത്തിൽ ഗവേഷണം ചെയ്യപ്പെടേണ്ടവയാണ്.

ക്ലാസ്സിക്കൽ ടെക്സ്റ്റുകളിൽ പറയപ്പെടുന്ന ദ്രവ്യങ്ങളിൽ 30% ൽ ഏറെ ഇന്ന് അലഭ്യങ്ങളോ, സന്ദിഗ്ദ്ധങ്ങളോ അപ്രാപ്യങ്ങളോ ആണ് എന്നുള്ളതാണ് സത്യം. ക്ലാസിക്കൽ പുസ്തകങ്ങളിൽപ്പെടാത്ത പല ദ്രവ്യങ്ങളും പിന്നീടുണ്ടായ കാലഘട്ടത്തിൽ പല സന്ദർഭങ്ങളിലായി വന്ന പുസ്തകങ്ങളിൽ പരാമർശിക്കപ്പെടുന്നുണ്ട്. വിശേഷിച്ചും എ.ഡി. 12-14-ാം ശതകത്തിൽ വരെ ഇത്തരത്തിൽ നൂതനങ്ങളായ ഔഷധങ്ങൾ ചേർക്കപ്പെട്ടു കാണുന്നുണ്ട്. ഈ വസ്തുക്കൾ ചൂണ്ടിക്കാട്ടുന്നത് അതുവരേയും ആയുർവ്വേദശാസ്ത്രത്തിന് വളർച്ചയുണ്ടായിരുന്നു എന്നതാണ്. അതിൽ പരാമർശിക്കപ്പെടാത്ത പല ഔഷധങ്ങളും ചികിത്സാമഞ്ജരിയിൽ കാണുന്നുണ്ട്.

ഇതിന്റെ കർത്താവ് ആരാണ് എന്ന് വ്യക്തമല്ലായെങ്കിലും മണിപ്രവാളശൈലിയിൽ, മലയാളസംസ്കൃത പദങ്ങൾക്കൊപ്പം ചില സ്ഥലങ്ങളിൽ തമിഴ്നാമങ്ങൾക്ക് സാമ്യമുള്ള പദങ്ങളും ഇതിൽ പ്രയോഗിച്ചുകാണുന്നു. ചില പദങ്ങൾ തികച്ചും വടക്കൻ കേരളത്തിലെ തന്നെ നാമങ്ങളെ ദ്യോതിപ്പിക്കുന്നവയുമാണ്. ഒന്നാം ഭാഗത്തിൽ 46ഉം രണ്ടാം ഭാഗത്തിൽ പത്തൊമ്പതിൽ പരവും മുഖ്യരോഗങ്ങളെ വിവരിക്കുകയും അവയുടെ നിദാനം വിഭാഗം ലക്ഷണം എന്നിവ വർണ്ണിച്ച ശേഷം ചികിത്സ വിധിക്കുന്നിടത്ത് പ്രത്യേകമെന്നു പറയട്ടെ നമുക്കു ലഭ്യമാകുന്ന (നമുക്കു ചുറ്റും കാണുന്ന/കേരളത്തിൽ പ്രചാരമേറിയ) സസ്യങ്ങളെയും അവയുടെ പ്രയോഗത്തെയുമാണ് കാണിച്ചിരിക്കുന്നത്.

ചെറുതും വലുതുമായ സഹസ്രങ്ങളോളം ഔഷധകൂട്ടുകളും പ്രയോഗങ്ങളും ഇതിൽ വർണ്ണിക്കുന്നുണ്ട്. അതിൽ പലതും ബൃഹത്ത്രയികളുടെ പ്രധാനയോഗങ്ങൾക്ക് ചേർക്കുന്നതോടൊപ്പം പല ഏകൗഷധി പ്രയോഗങ്ങളും പറയുന്നുണ്ട്. ക്ലാസിക്കൽ ടെക്സ്റ്റകളിൽ പറഞ്ഞിട്ടുള്ളതും ഇവിടെ ലഭ്യമല്ലാത്തതുമായ ദ്രവ്യങ്ങൾ പലതും ഇവിടെ പ്രയോഗിച്ചു കാണുന്നില്ല. അതേസമയം ഇവയിൽ പറയപ്പെട്ടിട്ടില്ലാത്ത പലദ്രവ്യങ്ങളും ഇവിടെ ഉപയോഗിച്ചുകാണുന്നു. അത്തരത്തിൽ ചിലതിനെ ഇവിടെ പ്രതിപാദിക്കാം.

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | പച്ചിലപെരുമാൾ | - | ജ്വരചികിത്സ | ശ്ലോകം | - | 138 |
| 2. | ഹരിതമഞ്ജരി | - | ,, | ,, | - | 147-150 |
| 3. | വെളുത്ത വേള | - | ,, | ,, | - | ,, |
| 4. | മുയൽചെവി | - | അർശചികിത്സ | ,, | - | 13 |
| 5. | കാട്ടപ്പ | - | ,, | ,, | - | 15 |
| 6. | പച്ചയീർക്കിൽ | - | വിഷൂചികാ ചികിത്സ | ,, | - | 8,9 |
| 7. | കാട്ടുമുല്ല | - | മൂത്രകൃച്ഛ്രചികിത്സ | ,, | - | 53 |
| 8. | കരുവികിഴങ്ങ് | - | ,, | ,, | - | |
| 9. | ഏകനായകം | - | പ്രമേഹചികിത്സ | ,, | - | 53 |
| 10. | ആവീരബീജം | - | ,, | ,, | - | 34 |
| 11. | ചുവന്നപൂവുള്ള അടമ്പുവള്ളി | - | ,, | ,, | - | 97 |

| | | | | | |
|---|---|---|---|---|---|
| 12. | തുടിമ്പാളകിഴങ്ങ് | - വിദ്രധി ചികിത്സ | ,, | - | 9 |
| 13. | തുടരി | - ,, | ,, | - | 10 |
| 14. | കൊടിപ്പാല | - ,, | ,, | - | ,, |
| 15. | ചമ്പ്രാവള്ളി കിഴങ്ങ് | - ,, | ,, | - | 15 |
| 16. | എലിത്തടി | - ഗുല്മ ചികിത്സ | ,, | - | 9 |
| 17. | കുടഞ്ഞെഴുക് | -പാണ്ഡുരോഗചികിത്സ | ,, | - | 22-30 |
| 18. | നൊങ്ങണംപുല്ല് | - ശോഫ ചികിത്സ | ,, | - | 31 |
| 19. | കഞ്ഞികൊട്ടകം | - കുഷ്ഠശ്വിത്ര ചികിത്സ | ,, | - | 39 |
| 20. | പൊയ്ത്തലച്ചി | - ,, | ,, | - | 42-44 |
| 21. | പാവട്ട | - ,, | ,, | - | 47 |
| 22. | കരിന്തുമ്പ | - ,, | ,, | - | 71 |
| 23. | കൂണ് | - കൃമിചികിത്സ | ,, | - | 26 |
| 24. | കൂവമുള്ള് | - വാതവ്യാധി | ,, | - | 80 |
| 25. | പാറങ്കി | - ,, | ,, | - | 134,135 |
| 26. | കാശാവ് | - നേത്രരോഗചികിത്സ | ,, | - | 151 |
| 27. | മുറികൂടി | - സദ്യോവ്രണ ചികിത്സ | ,, | - | 18 |
| 28. | പേഴ് | -അഗ്നിവ്രണാദി ചികിത്സ | ,, | - | 10 |

ഇവയെല്ലാം തന്നെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിൽ ആവീരബീജം, അടമ്പുവള്ളി, കുടഞ്ഞെഴുക്, കൂണ്, പേഴ് എന്നിവ contraversial ആയി പലസ്ഥലങ്ങളിലും classical ആയി ചിലർ ഉപയോഗിച്ചുകാണുന്നുണ്ട്. ഇതിൽ പൊയ്ത്തലച്ചിയെന്ന സസ്യം Thumbergia fragrans ആദിവാസികളുടെ ഇടയിൽ പ്രചാരമുള്ളതും ആ നിലയിൽ ഗവേഷണം നടത്തപ്പെട്ടതുമാണ്.

ഇതുകൂടാതെ ശാസ്ത്രീയമായി നിർണ്ണയം ചെയ്തിട്ടില്ലാത്ത ചില സസ്യങ്ങളെ ഇവിടെ വിവരിക്കാം.

| | | | | | |
|---|---|---|---|---|---|
| 1. | ഹിരുവി | - ജ്വരചികിത്സ | ശ്ലോകം | - | 155-157 |
| 2. | പിരക് | - അതിസാര ചികിത്സ | ,, | - | 197 |
| 3. | നീർകിഴങ്ങ് | - വൃദ്ധി ചികിത്സ | ,, | - | 25 |
| 4. | വൈകുണ്ഡപ്പാല | - ഗർഭിണി ചികിത്സ | ,, | - | 2 |
| 5. | കുറുച്ചൂലി | - മുഖരോഗ ചികിത്സ | ,, | - | 17 |
| 6. | പഴുക്കാത്തൊലി | - ,, | ,, | - | 18 |
| 7. | എച്ചിൽകുരുന്ന് | - ഭംഗ ചികിത്സ | ,, | - | 22 |

ഈ പേരിൽ പലഭാഗങ്ങളിലായി പലതരത്തിലുള്ള ദ്രവ്യങ്ങളാണ് ഉപയോഗിച്ചുകാണുന്നത് പ്രാദേശികമായിട്ടുള്ള ദ്രവ്യനാമങ്ങളാണ് ഇത്തരത്തിൽ സന്ദിഗ്ദ്ധത ഉണ്ടാക്കിയിരിക്കുന്നത്. ഇവയെകുറിച്ച് ഇത്തര തണ്ടുകൾ പുഷ്പങ്ങൾ മഞ്ഞകലർന്ന നിറം, ഫലങ്ങൾ വലുത്, ചുവപ്പു നിറം.

ഉപയോജ്യാംഗം: വേരുകൾ

രസം: തിക്തം, കഷായം, കടു

വീര്യം: ശീതം

വിപാകം: കടു

ഉപയോഗം: വാതഹരം, മേഹനാശനം, വ്രണഹരം, ശുക്ലസ്രാവ ഹരം, രക്തശോധനം, കഫശമനം, ശോഫഹരം, യകൃത് ഉത്തേജകം, പ്രദരശമനം.

**ആവീരക്കുരു**

Cassia auriculata, Caesalpiniaceae

വിന്യാസം: ഭാരതം മുഴുവൻ

വിവരണം: ധാരാളം ശാഖകളുള്ള കുറ്റിച്ചെടി.

ഉപയോജ്യാംഗം: തൊലി, പൂവ്, ബീജം

ഉപയോഗം: കുഷ്ഠം, അർബുദം, ശ്വാസം, മൂത്രകൃച്ഛ്രം

പൂക്കൾ - പ്രമേഹഹരം മൂത്രകൃച്ഛ്റം, കൃമിഹരം.

വിത്തുകൾ - വൃഷ്യം, കൃമിഹരം, പ്രമേഹശമനം, അതിസാരശമനം, ശോഫഹരം, ത്വക്രോഗഹരം, നേത്രരോഗഹരം.

**അടമ്പുവള്ളി**

Ipomoea pes-caprae, Convolvulaceae

വിന്യാസം: ഭാരതം മുഴുവൻ. മണൽ പ്രദേശങ്ങളിൽ കൂടുതലായി.

വിവരണം: ബഹുവർഷീയം, Creeper, ഇലകൾക്ക് രണ്ട് lobes, പൂക്കൾ-വലുത് ചുവപ്പ്, ഫലം-കാപ്സ്യൂൾ.

ഉപയോജ്യാംഗം: മുഴുവൻ സസ്യവും

ഉപയോഗം: ഗ്രാഹി, ഉദരരോഗഹരം, മൂത്രളം, ത്വക്രോഗശമനം, ശോഫ വ്രണഹരം, അർശഹരം, ഗുദഭ്രംശം, മൂത്ര കൃച്ഛ്റം, പിത്തശമനം.